(ബി) 15.3.1979 വരെ 12,07,093 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) അല്ല.

(ഡി) ഈ സ്ഥാപനത്തിനു പ്രത്യേകമായി ഒരു പ്രോജക്ട് റിപ്പോർട്ട് ഇല്ല.

ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രമോഷൻ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ

972 [1562] ശ്രീ. എൻ. വാസുദേവൻ പിള്ള:

,, വട്ടിയൂർക്കാവ് രവി:

,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ആഫീസ് സെക്ഷനുകളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റുമാരുടെ പ്രമോഷൻ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളെന്ത്;

(ബി) ക്ലറിക്കൽ അസിസ്റ്റന്റുമാരെ കോമൺ കാറ്റഗറി വിഭാഗത്തിൽ ഉൾപ്പെടുത്തി ഇപ്പോഴിരിക്കുന്ന സ്കെയിലിൽത്തന്നെ ഒരു ഗ്രേഡ് ഏർപ്പെടുത്തുന്നതുമൂലം ഈ വിഭാഗത്തിൽപ്പെട്ട അധികംപേർക്കും സ്റ്റാഗ്നേഷൻ സംഭവിക്കുമെന്ന് ശമ്പളപരിഷ്ക്കരണ ഉത്തരവു പുറപ്പെടുവിക്കും മുമ്പുതന്നെ ക്ലറിക്കൽ അറ്റൻഡേഴ്സ് അസോസിയേഷൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റുമാർ മുമ്പ് അസിസ്റ്റന്റുമാർ ചെയ്തിരുന്ന ജോലിയാണ് ചെയ്തു വരുന്നത് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) 10.ാം സ്റ്റാൻഡാർഡുവരെ പഠിച്ചവരും പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റ് പാസ്സായവരുമായ സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റുമാർ ഇന്നു ചെയ്യുന്ന ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് അവരെക്കൂടി സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തണമെന്നകാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ ശിപായിമാരായി ജോലിനോക്കുന്നവരിൽ പി.എസ്.സി. നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകുന്നവർക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ അറ്റൻഡറായും തുടർന്ന് ക്ലറിക്കൽ അസിസ്റ്റന്റായും ഉദ്യോഗക്കയറ്റം നൽകുന്നതാണ് നിലവിലുള്ള നടപടിക്രമം. ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് തുടർന്നു പ്രമോഷൻസാദ്ധ്യതകളും ഒന്നും തന്നെയില്ല.

(ബി) ഉണ്ട്.

(സി) മുൻകാലങ്ങളിൽ ആഫീസ് സെക്ഷനിലെ ഡെസ്പാച്ച് ജോലി അസിസ്റ്റന്റ് ആയിരുന്നു ചെയ്തിരുന്നത്. ആ ജോലിക്ക് അസിസ്റ്റന്റുമാർ ആവശ്യമില്ല എന്നു തോന്നിയതുകൊണ്ടാണ് അത് ക്ലറിക്കൽ അസിസ്റ്റന്റുമാരെക്കൊണ്ടു ചെയ്യിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്ലറിക്കൽ അസിസ്റ്റന്റുമാരെ ഇപ്പോഴത്തെ കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസ് മിസലേനിയസ് പോസ്റ്റ്സ് ഇൻ സെക്രട്ടേറിയറ്റ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർക്കായി സ്പെഷ്യൽ റൂൾസും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ അവരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ല.

സെക്രട്ടേറിയറ്റിലെ ടെലിഫോൺ എക്സ്ചേഞ്ചിൽ കാളുകൾ അറ്റൻഡ് ചെയ്യുന്നതിൽ വരുന്ന കാലതാമസം

973 [1563] ശ്രീ. പി. ഭാസ്കരൻ:

,, എം .കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ടെലിഫോൺ എക്സ്ചേഞ്ചിൽ കാളുകൾ അറ്റൻഡ് ചെയ്യുന്നതിൽ വരുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) മണിക്കൂറുകളോളം കാളുകൾ അറ്റൻഡ് ചെയ്യാറില്ല എന്ന കാര്യം പരിഗണിച്ച് ഈ എക്സ്ചേഞ്ചിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില സന്ദർഭത്തിൽ അത്തരം കാലതാമസം നേരിടുന്നുണ്ടെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ടെലിഫോൺ എക്സ്ചേഞ്ചിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരികയാണ്.

സെക്രട്ടേറിയറ്റിലെ ടെലഫോൺ ഓപ്പറേറർമാർ

974 [1564] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ടെലഫോൺ എക്സ്ചേഞ്ചിൽ ഒരേ സമയം എത്ര ഓപ്പറേറർമാർ പണിയെടുക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) അവരെ സൂപ്പർവൈസ് ചെയ്യാൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ എത്രസംഭവങ്ങൾ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്;

(ഡി) ചില അവസരങ്ങളിൽ മണിക്കൂറുകളോളം ബെല്ലടിച്ചാലും ആരും ടെലഫോൺ അറ്റൻറു ചെയ്യാറില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സെക്രട്ടേറിയറ്റിലെ ടെലഫോൺ എക്സ്ചേഞ്ചിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സത്വരനടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly